
# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26



## ദീപം

ghs chithirapuram

### ഗവൺമെൻറ് ഹൈസ്കൂൾ ചിത്തിരപുരം

# Table of Contents

സ്കൂൾ വിവരങ്ങൾ......3
ആമുഖം......4
ഗവൺമെൻറ് ഹൈസ്കൂൾ ചിത്തിരപുരത്തിന്റെ ചരിത്രം......4
ഗവൺമെൻറ് ഹൈസ്കൂൾ ചിത്തിരപുരം ഇന്ന്......5
അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ......7
LP ENGLISH......8
LP MATHS......9
LP MALAYALAM......10
പ്രവർത്തനം - വിശദാംശങ്ങൾ യുപി വിഭാഗം മലയാളം......12
അക്കാദമിക മാസ്റ്റർ പ്ലാൻ യുപി വിഭാഗം ഇംഗ്ലീഷ്......14
യുപി സോഷ്യൽസയൻസ്......16
BASIC SCIENCE UP......18
മേഖല യുപി ഹൈസ്കൂൾ വിഭാഗം ഹിന്ദി......22
അക്കാദമിക് മാസ്റ്റർ പ്ലാൻ എച്ച്എസ് വിഭാഗം (മലയാളം)......24
അക്കാദമിക മാസ്റ്റർ പ്ലാൻ : ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം......26
ഉപമേഖല ഹൈടെക് ക്ലാസ് മുറികൾ......29
ഉപമേഖല കായിക മികവ് വർദ്ധിപ്പിക്കൽ......30
ഉപ വിഭാഗം- നല്ല പെരുമാറ്റത്തിന്......31
ഉപസംഹാരം......31

ghs chithirapuram

## സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : ഇടുക്കി
2. സ്കൂൾ കോഡ് : 29036
3. സ്കൂളിൻറെ പേര് : ഗവൺമെൻറ് ഹൈസ്കൂൾ ചിത്തിരപുരം.
4. മേൽവിലാസം :ചിത്തിര പുരം പി ഒ ഇടുക്കി ജില്ല
5. പിൻകോഡ് : 685664
6. ഫോൺ നമ്പർ : 04865263739
7. ഇമെയിൽ :29036ghs@gmail.com
8. ഗ്രാമപഞ്ചായത്ത് പള്ളിവാസൽ ഗ്രാമപഞ്ചായത്ത്
9. വിദ്യാഭ്യാസ ജില്ല : തൊടുപുഴ
10. സബ്ജില്ല :അടിമാലി
11. ക്ലാസുകൾ : പ്രീ സ്കൂൾ മുതൽ 10 വരെ
12. പഠന മാധ്യമം : മലയാളം

ghs chithirapuram

## ആമുഖം

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിലാണ് ഗവൺമെൻറ് ഹൈസ്കൂൾ ചിത്തിരപുരം സ്ഥിതി ചെയ്യുന്നത് . സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഈ സ്കൂളിന് കഴിയുന്നു.ഗവൺമെൻറ് ഹൈസ്കൂൾ ചിത്തിരപുരം എന്നത് ഈ പ്രദേശത്തെ വിദ്യാഭ്യാസ മുന്നേറ്റത്തിന് നേതൃത്വം നൽകുന്ന ഒരു പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനമാണ്. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും, വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയും ലക്ഷ്യമാക്കി തുടക്കം കുറിച്ച ഈ സ്ഥാപനത്തിന് പലതരം സാമൂഹ്യ-സാംസ്കാരിക മാറ്റങ്ങളിലൂടെയും വളർച്ചയുടെ വിവിധഘട്ടങ്ങളിലൂടെയും കടന്നുപോയ സമൃദ്ധമായ ചരിത്രം ഉണ്ട്.

ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിൻ്റെ നിലവിലെ വിദ്യാഭ്യാസ നിലവാരത്തെ വിലയിരുത്തിയശേഷം, ഭാവിയിലേക്ക് സ്കൂളിനെ നയിക്കുന്ന വഴിവിളക്കായി രൂപപ്പെടുത്തിയിരിക്കുന്നു. പുതിയ അധ്യാപന സാങ്കേതികവിദ്യകളുടെ ഉപയോഗം, വിദ്യാർത്ഥി കേന്ദ്രീകൃത പഠനപദ്ധതികൾ, അധ്യാപകശക്തിയുടെ ഉന്നമനം, കാമ്പസ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും ഈ പദ്ധതിയുടെ പ്രവർത്തനം.ഈ മാസ്റ്റർ പ്ലാൻ സ്കൂളിന്റെ ഭാവി വികസനത്തിനുള്ള ദിശയും, വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അനുയോജ്യമായ പരിശീലന-പാഠ്യ-പാഠ്യേതര സാധ്യതകളുടെ വിപുലീകരണ മാർഗരേഖയുമാണ്.

പൊതുവിദ്യാഭ്യാസ വകുപ്പ് മുന്നോട്ടുവയ്ക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ ആയി ഈ അക്കാദമിക മാറ്റർ പ്ലാൻ മാറും എന്ന് പ്രതീക്ഷിക്കാം.

## ഗവൺമെൻറ് ഹൈസ്കൂൾ ചിത്തിരപുരത്തിന്റെ ചരിത്രം

ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടുന്നതിനുമുൻപ് 1945 ൽ ആരംഭിച്ച ഒരു സർക്കാർ വിദ്യാലയമാണ് ഗവണ്മെൻറ് ഹൈസ്കൂൾ ചിത്തിരപുരം. കേരളത്തിലെ ആദ്യത്തെ ജല വൈദ്യുത പദ്ധതിയായ പള്ളിവാസൽ പദ്ധതിയുടെ സമീപത്തായാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. പള്ളിവാസൽ പദ്ധതിയുടെ നിർമാണവുമായി ബന്ധപ്പെട്ടുവന്ന ഉദ്യോഗസ്ഥരുടെ മക്കൾക്ക് പഠിക്കുന്നതിനുവേണ്ടിയാണ് ഈ വിദ്യാലയം ആരംഭിച്ചത്. ആദ്യം യു.പി സ്കൂളായിട്ടാണ് പ്രവർത്തനം ആരംഭിച്ചത്. പിന്നിട് ഹൈസ്കൂൾ ആയി ഉയർത്തി. ഇടുക്കി ജില്ലയിലെ ആദ്യകാല

ghs chithirapuram

സ്കൂളുകളിൽ ഒന്നാണ് ഈ വിദ്യാലയം.വിദ്യാലയത്തിന് സമീപമായി ഗവണ്മെന്റ് ഐടിഐ യും പ്രവർത്തിച്ചു വരുന്നുണ്ട് . സ്കൂളിൽ തന്നെ ഒരു പഴത്തോട്ടം സ്ഥിതി ചെയ്യുന്നുണ്ട്

## ഗവൺമെൻറ് ഹൈസ്കൂൾ ചിത്തിരപുരം ഇന്ന്

12 അധ്യാപകരും 4 അനധ്യാപകരും അടങ്ങുന്ന സ്റ്റാഫ്. 81 വിദ്യാർത്ഥികൾ പഠിക്കുന്ന സുന്ദരമായ ഫലവൃക്ഷത്തോട്ടം ഉള്ള പച്ച വിരിച്ച തേയില തോട്ടങ്ങളുടെ നടുവിൽ സ്ഥിതി ചെയ്യുന്ന ഒരു വിദ്യാലയം ആണ് ഇത്. പരിമിതികൾ അനവധി ഉണ്ടെങ്കിലും തുടർച്ചയായ പതിനാറാം തവണയും എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം നേടി ശക്തമായി മുന്നോട്ടു പോവുകയാണ് ഈ കൊച്ചു ഗവൺമെൻറ് ഹൈസ്കൂൾ. പുതുമയാർന്ന പഠന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ഉള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാർ ചെയ്യുന്നത്.

### നേട്ടങ്ങൾ

ഗണിത ശാസ്ത്ര സാമൂഹ്യ ശാസ്ത്ര മേളകളിലെ പ്രകടനം.

തുടർച്ചയായ പതിനാറാം വർഷവും എസ്എസ്എൽസിക്ക് 100% വിജയം.

### പരിമിതികൾ

വിദ്യാർത്ഥികൾക്ക് മലയാളം സംസാരിക്കാനും വായിക്കാനും എഴുതാനും പ്രാരംഭത്തിൽ തന്നെ ബുദ്ധിമുട്ട് നേരിടുന്നു. ആശയവിനിമയം ക്ലാസുകളിൽ പരിമിതമാകുന്നുവെന്നതും ക്ലാസിലെ പങ്കാളിത്തം കുറയുന്നതും കാണാം.

അധ്യാപക പരിശീലനത്തിൽ കുറവ് മലയാളം അധ്യാപകർക്ക് തമിഴ് ഭാഷയിലുള്ള വിദ്യാർത്ഥികളെ എളുപ്പത്തിൽ മനസ്സിലാക്കാൻ പ്രയാസമാകുന്നു.ഭാഷാ വ്യത്യാസം മൂലം ഇന്ററാക്ടീവ് ക്ലാസുകൾ പരിമിതപ്പെടുന്നു.

സ്ക്കൂൾ വിദ്യാഭ്യാസത്തിൽ മലയാളം രണ്ടാം ഭാഷയായിട്ടുള്ളതുകൊണ്ട് പാഠ്യപദ്ധതികൾ സാധാരണ മലയാളം സംസാരിക്കുന്ന വിദ്യാർത്ഥികൾക്ക് അനുയോജ്യമായി രൂപകൽപന ചെയ്തതായിരിക്കും. തമിഴ് ന്യൂനപക്ഷക്കാർക്ക് ഇത് ചെറുതല്ലാത്ത ബുദ്ധിമുട്ടാണ്.

പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ കുറവ്.ഭാഷയുടെ പരിമിതികൾ മൂലം വിദ്യാർത്ഥികൾക്ക് കലാരംഗത്തും പൊതുവായ സാംസ്കാരിക പ്രവർത്തനങ്ങളിലും സ്വാഭാവികമായി പിന്നോട്ടുപോകാനുള്ള സാധ്യതയുണ്ട്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തി 100% വിജയം നേടുന്ന എങ്കിലും എല്ലാ ക്ലാസ് മുറികളും ഇനിയും ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നിട്ടില്ല ഗണിത ലാബ് സാമൂഹികശാസ്ത്ര ലാബ് എന്നിവ വിപുലീകരിക്കേണ്ടത് ഉണ്ട്. ഇരുന്ന് ആഹാരം കഴിക്കുവാൻ അത്യാധുനിക ഭോജനശാലയുടെ ആവശ്യം ഉണ്ട്.

ghs chithirapuram

**ഭൗതികം**

**നേട്ടങ്ങൾ**

അത്യാധുനിക സൗകര്യങ്ങളുള്ള ഹൈടെക് കമ്പ്യൂട്ടറിൽ ലാബ് തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുണ്ട് .കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്

**ഭൗതികം**

**പരിമിതികൾ**

സ്കൂളിലെ 10 ക്ലാസ് മുറികളിൽ മൂന്നെണ്ണം മാത്രമേ ഹൈടെക് നിലവാരത്തിൽ ഉള്ളൂ .

കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴിക്കാൻ ഉള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല.

വിശാലമായ കളി സ്ഥലത്തിൻറെ അപര്യാപ്തത വിദ്യാർഥികളിലെ കായിക പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.

എല്ലാ കുട്ടികളെയും ഉൾക്കൊള്ളുവാനുള്ള ഒരു ഹാളിന്റെ അപര്യാപ്തത ആദ്യ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

**സാമൂഹികം**

**നേട്ടങ്ങൾ**

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിലെ ബന്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിലെ ബന്ധിപ്പിക്കുന്നു.

ghs chithirapuram

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം
- വായനാ ശേഷി വർദ്ധിപ്പിക്കൽ
- ലാബ് നവീകരണം
- സ്കൂൾ പത്രം മാസിക
- പച്ചക്കറിത്തോട്ടം
- കായിക ശേഷി വികസനം
- ജന്മദിന പുസ്തകം
- ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ
- ക്ലാസ് അടിസ്ഥാനത്തിലുള്ള അസംബ്ലി
- ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര പ്രവർത്തി പരിചയ മേളകൾ
- ഐടി പഠനം കാര്യക്ഷമമാക്കൽ
- മത്സരപരീക്ഷകൾക്കായി വിദ്യാർത്ഥികളെ ശാക്തീകരിക്കുക

ghs chithirapuram

# LP ENGLISH

| | | | | |
|---|---|---|---|---|
| 1 | I love my English | എല്ലാ കുട്ടികളെയും ഇംഗ്ലീഷ് അക്ഷരങ്ങൾ പരിചയപ്പെടുത്തൽ | ഇംഗ്ലീഷ് ഇംഗ്ലീഷിൽ തന്നെ കൈകാര്യം ചെയ്യൽ<br>കോൺവർസേഷൻ<br>സിമ്പിൾ സെന്റെൻസസ്<br>ഇംഗ്ലീഷ് റീഡിങ്<br>ന്യൂസ് റീഡിങ്<br>തോട്ട് ഓഫ് ദ ഡേ | ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് എക്സ്പേർട്ട് |
| 2 | My English World | എല്ലാ കുട്ടികളെയും ഇംഗ്ലീഷ് വായിപ്പിക്കൽ | ആക്ടിംഗ്<br>സ്കിറ്റ്<br>റൈം ആൻഡ് റെസിറ്റേഷൻ | |
| 3 | Language room | എല്ലാ കുട്ടികളെയും ഇംഗ്ലീഷിലേക്ക് ആകർഷിക്കാൻ | സ്റ്റോറി ടെല്ലിങ്<br>ആക്ടിംഗ് | |

ghs chithirapuram

# LP MATHS

| | | | | |
|---|---|---|---|---|
| 1 | ഗണിത കൗതുകം | അക്കങ്ങൾ എഴുതാനും വായിക്കാനും കിട്ടുന്നതിന് | 1 നമ്പറുകൾ എഴുതിക്കുന്നു 2 നമ്പർ ചാർട്ട്<br>3. നമ്പറുകളും ചിത്രങ്ങളും<br>4 മുത്തുകൾ വച്ച് പഠിക്കാം | ജൂൺ,ജൂലൈ |
| 2 | മാന്ത്രിക ഗണിതം | സ്ഥാനവിലെ അനുസരിച്ച് എഴുതുന്നു | സ്ഥാനവില ചാർട്ട്<br>സ്ഥാനവില പോക്കറ്റ്<br>കളിയിലൂടെ ഗണിതം | ജൂലൈ ഓഗസ്റ്റ് |
| 3 | ഗണിതകേളി | സങ്കലനം | കളിയിലൂടെ ഗണിതം<br>മുത്തുകൾ | ഒരു വർഷം |
| 4 | രസിക്കാം പഠിക്കാം | വ്യവകലനം | കളിയിലൂടെ ഗണിതം | ഒരു വർഷം |

ghs chithirapuram

# LP MALAYALAM

| | | | | | |
|---|---|---|---|---|---|
| അക്ഷര കേളി | മലയാളം അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും ഉള്ള കഴിവ് വികസിപ്പിക്കുന്നു | 1 സ്വരാക്ഷരങ്ങൾ തിരിച്ചറിയൽ വായിക്കൽ<br>2. സ്വരാക്ഷരങ്ങൾ ചേർന്നു വരുന്ന പദങ്ങൾ വായിക്കൽ<br>3 വ്യഞ്ജനാക്ഷരങ്ങൾ തിരിച്ചറിയാൻ സാധിക്കുന്നു | അധ്യാപകർ<br>രക്ഷകർത്താക്കൾ<br>സഹപഠിതാക്കൾ | രണ്ടുമാസം<br>ജൂൺ ജൂലൈ | പിടിഎ |
| പദച്ചങ്ങല | മലയാള അക്ഷരങ്ങളും | പദ കാർഡുകൾ | | ജൂൺ ജൂലൈ ഓഗസ്റ്റ് | |

ghs chithirapuram

| | | | | | |
|---|---|---|---|---|---|
| | ചിഹ്നങ്ങളും ഉറപ്പിക്കുന്നു | ചിത്രകാർഡുകൾ | | | |
| വാക്യകേളി | മലയാളം ചെറിയ വാക്യങ്ങൾ വായിക്കുന്നു എഴുതുന്നു | പദ കാർഡ് ബാക്കി കാർഡുകൾ ചിത്ര കാർഡുകൾ ചെറിയ കുട്ടിക്കഥകൾ | | ഒരു വർഷം | |
| വായിക്കാം രസിക്കാം | എല്ലാ കുട്ടികളെയും വായിപ്പിക്കുക | കളിക്കുടുക്ക ചിത്രകഥകൾ സ്കൂൾ അസംബ്ലി | | ഒരു വർഷം | |
| ആടാം അഭിനയിക്കാം | സ്വന്തം അനുഭവങ്ങൾ പങ്കുവെക്കൽ | സ്കൂൾ അസംബ്ലി | | ഒരു വർഷം | |

ghs chithirapuram

## പ്രവർത്തനം - വിശദാംശങ്ങൾ യുപി വിഭാഗം മലയാളം

| പദ്ധതി | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| 1 അക്ഷരലോകം | മലയാളം എഴുതുവാനും വായിക്കുവാനും ഉള്ള ശേഷി വികസനം | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദനിർമ്മാണം<br>4. വാക്യനിർമ്മാണം<br>5. ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | മലയാളം അധ്യാപകർ | രണ്ടു മാസം | പിടിഎ, |
| 2 വായനാലോകം | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരണം<br>3. ക്ലാസ് | മലയാളം അധ്യാപകർ എസ് ആർ ജി | 6 മാസം 1 വർഷം | പിടിഎ |

| | | | | | |
|---|---|---|---|---|---|
| | | നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>4. വായനോത്സവം<br>5. ജന്മദിന പുസ്തകം<br>6. പത്രവായന<br>7. പുസ്തക വായന<br>8. റീഡിങ് റൂം പ്രത്യേക സൗകര്യം ഒരുക്കൽ | | | |
| ഉപ മേഖല | | | | | |
| | | 1. പത്രവായന പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ ഓരോ ക്ലാസിനും ഓരോ പത്രം രാവിലെ പ്രധാന വാർത്തകളുടെ | വിദ്യാരംഗം ഇൻ ചാർജ്<br>മലയാളം അധ്യാപകർ | 3 മാസം<br>ദിവസേന | |

ghs chithirapuram

| | | | | | | |
|---|---|---|---|---|---|---|
| | | അവതരണം<br>പത്ര ക്വിസ്<br>2. പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. | | ആഴ്ചയിൽ ഒരു ദിവസം | |
| | | | | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ യുപി വിഭാഗം ഇംഗ്ലീഷ്

| പദ്ധതി | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | കാലം |
|---|---|---|---|---|---|
| My dear | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2. ഇംഗ്ലീഷ് ക്ലബ്ബിൻറെ പ്രവർത്തനം കാര്യക്ഷമമാക്കൽ | ബന്ധപ്പെട്ട ടീച്ചർ | പിറ്റിഎ | എല്ലാ ക്ലാസും |

ghs chithirapuram

| | | | | | |
|---|---|---|---|---|---|
| English | സംസാരിക്കാനും ഉള്ള ശേഷി വികസനം | 3. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറിമാറി ഓരോ ക്ലാസിനും ചുമതല | ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി<br>ക്ലാസ് ടീച്ചർ | | |
| ഉപമേഖല ഇംഗ്ലീഷ് | | | | | |
| | | പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം സ്കിറ്റ് നാടകം സംഭാഷണം തുടങ്ങിയ രീതികൾ<br>ഇംഗ്ലീഷ് സിനിമ പ്രദർശനം | ഇംഗ്ലീഷ് ടീച്ചർ ക്ലബ് സെക്രട്ടറി | പിറ്റിഎ | മാസത്തിലൊരിക്കൽ<br>3 മാസത്തിൽ ഒരിക്കൽ |

ghs chithirapuram

# യുപി സോഷ്യൽസയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | പഠിതാവിന്റെ അടിസ്ഥാന അറിവുകൾ പരീക്ഷിക്കുവാൻ ചോദ്യോത്തര പരിപാടികൾ, കളികൾഎന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷ ആരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും, ക്രിമിനൽ€ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും സഹായത്തോടെ ബോധവൽക്കരണ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |

ghs chithirapuram

| | | | | |
|---|---|---|---|---|
| | ക്ലാസുകൾ സംഘടിപ്പിക്കുന്നു | | | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്ര അവബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ,വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു.സ്കൂളിൽ തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകരമായ ദൃശ്യങ്ങളിലൂടെ പ്രകൃതി | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | പിടിഎ |

| | | | | |
|---|---|---|---|---|
| | ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും ഫയർഫോഴ്സ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡിമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു | | | |

## BASIC SCIENCE UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെതിരിച്ചറിയാൻ | ജൈവ വൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടംപച്ചക്കറിത്തോട്ടം തുടങ്ങിയവയുടെ നിർമ്മാണം<br>കണ്ടറിയാൻ ഒരു യാത്ര | അക്കാദമിക വർഷം | സയൻസ് അധ്യാപകർ ഇക്കോ ക്ലബ്ബ് സയൻസ് ക്ലബ്ബ് | പിടിഎ |

| | | | | |
|---|---|---|---|---|
| | അന്യം നിന്നു പോകുന്ന സസ്യങ്ങളെ കണ്ടെത്താൻ | വർഷ ത്തിൽ ഒരു തവണ | സയ ൻ (സ് അധ്യ ാപ കർ | |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക | സയൻസ് എക്സ്പ്ലോ ആധുനിക ശാസ്ത്ര ലോകത്തിൻറെ വിവിധ കണ്ടത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല | അക്കാ | | |

ghs chithirapuram

| | | | | |
|---|---|---|---|---|
| | ശാസ്ത്രോത്സവം സംഘടിപ്പിക്കുക<br><br>മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി കൂടുതൽ അറിവുകൾ നേടാം<br><br>ശാസ്ത്ര ലൈബ്രറി<br><br>സ്കൂൾ ലൈബ്രറിയിൽ നിന്നും ശാസ്ത്ര പുസ്തകങ്ങൾ കണ്ടെത്തുക | ദമിക വർഷം<br><br>വർഷത്തിൽ ഒരു തവണ | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ | |

ghs chithirapuram

| | | | | |
|---|---|---|---|---|
| | | | | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | വിസ്മയ യാത്ര ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | സയൻസ് അധ്യാപകർ | അക്കാദമിക വർഷം | |

ghs chithirapuram

| | | | | |
|---|---|---|---|---|

## മേഖല യുപി ഹൈസ്കൂൾ വിഭാഗം ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ/ | ഹിന്ദി അധ്യാപിക | |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | പിടിഎ |
| വിവർത്തകർ ജേണലിസ്റ്റുകൾ വാർത്താ വായനക്കാർ തുടങ്ങിയ ജോലി സാധ്യതക്കായ ി കുട്ടികളെ പ്രാപ്തരാക്കുക | പാഠഭാഗവുമായ ബന്ധപ്പെട്ട ഹിന്ദി തീയറ്ററുകൾ സജ്ജീകരിക്കുക | അക്കാദമിക വർഷം | ഹിന്ദി അധ്യാപിക | രക്ഷിതാക്കൾ |
| 5 6 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും ചിത്രങ്ങൾ അക്ഷരമാല ചാർട്ട് സി ഡി യിൽ അക്ഷരമാല കാണിക്കൽ എന്നിവ | അക്കാദമിക വർഷം | ഹിന്ദി അധ്യാപിക | |

ghs chithirapuram

| | | | | |
|---|---|---|---|---|
| അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചു എടുക്കുക | | | | |
| ഹിന്ദി വായന തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും<br><br>ഹിന്ദി കാർട്ടൂൺ സിനിമകൾ കാണിക്കും | അക്കാദമിക വർഷം | ഹിന്ദിഅധ്യാപിക | |
| ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കുവാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും.<br><br>വായനയ്ക്ക് ചെറിയ കഥാപുസ്തകങ്ങൾ ലൈബ്രറിയിൽ നിന്നും കൊടുത്ത വായനയ്ക്ക് ഊന്നൽ നൽകും | ഒരു അക്കാദമിക വർഷം | ഹിന്ദി അധ്യാപിക | |

ghs chithirapuram

# അക്കാദമിക് മാസ്റ്റർ പ്ലാൻ എച്ച്എസ് വിഭാഗം (മലയാളം)

ഗവൺമെൻറ് ഹൈസ്കൂൾ ചിത്തിരപുരം സ്കൂളിൽ പഠിക്കുന്ന ഭൂരിഭാഗം കുട്ടികളും തമിഴ് ചുറ്റുപാടുള്ളവരാണ് .അതിനാൽ എഴുത്ത്, വായന, ഉച്ചാരണം എന്നിവയിൽ തമിഴ് ചുവ കടന്നുവരുന്നു .കുട്ടികൾക്കിടയിലുള്ള സംഭാഷണങ്ങളിൽ പോലും തമിഴ് കടന്നുവരുന്നതിനാൽ മലയാള പഠനം അവരെ സംബന്ധിച്ച് അല്പം സങ്കീർണത നിറഞ്ഞതാണ് .

മലയാളം മീഡിയം ആയതിനാൽ ഹിന്ദി ,ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഒഴികെ ബാക്കിയെല്ലാം മലയാളത്തിൽ പഠിക്കേണ്ടി വരുമെന്നതിനാൽ മലയാള പഠനം വളരെ അത്യാവശ്യവുമാണ്.

ghs chithirapuram

പരിഹാരമാർഗ്ഗങ്ങൾ

ഹൈസ്കൂൾ വിഭാഗത്തിൽ 26 കുട്ടികൾ ഉള്ളതിൽ വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്ന അഞ്ചു കുട്ടികളാണ് ഉള്ളത് .ഇവർക്ക് അക്ഷരങ്ങൾ അറിയാമെങ്കിലും പദങ്ങൾ കൂട്ടി വായിക്കുക ,എഴുതുക എന്നീ കാര്യങ്ങൾക്ക് സമയമെടുക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| അക്ഷര പരിചയം | അക്ഷരങ്ങൾ എഴുതിയ അക്ഷരക്കാടുകൾ ,അക്ഷര മരം എന്നിവ ഒരുക്കൽ മണൽ എഴുത്ത് ,അക്ഷരം ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കാം. | 2 ആഴ്ച | മലയാളം അധ്യാപിക | PTA |
| പദപരിചയം | *അക്ഷരങ്ങൾ ഉറച്ച ശേഷം പദങ്ങൾ ഉറപ്പിക്കൽ . *ഖണ്ഡിക നൽകി അക്ഷരങ്ങൾ എഴുതിയ കാർഡുകൾ വച്ച് അതേ അക്ഷരങ്ങൾ ഉള്ള പദങ്ങൾ പാരഗ്രാഫിൽ നിന്നും കണ്ടെത്തുന്നു. *എഴുതിയ അക്ഷരങ്ങൾ ഉറക്കെ ചൊല്ലുന്നു<br>* അക്ഷര കാർഡുകൾ ഉപയോഗിച്ച് ഖണ്ഡികയിൽ നിന്നും കണ്ടെത്തിയ പദങ്ങൾ ചാർട്ടിൽ എഴുതിക്കുന്നു<br>* പദങ്ങൾ കുട്ടി വായിക്കാൻ സഹായിക്കുന്നു | 2 മാസം | മലയാളം അധ്യാപിക | PTA |
| വാക്യ നിർമ്മാണം | * കൊച്ചു കൊച്ചു വാക്യങ്ങൾ എഴുതിക്കുന്നു<br>* വാക്യത്തിലെ തെറ്റുകൾ സ്വയം കണ്ടെത്താൻ ആവശ്യപ്പെടുന്നു( ശരിയായ വാക്യം നൽകുന്നു)<br>* പാഠപുസ്തക വായന | 2 മാസം | മലയാളം അധ്യാപിക | ബാലസാഹിത്യം ലൈബ്രറിയിൽ നിന്നും നൽകുന്നു |

ghs chithirapuram

| | | | | |
|---|---|---|---|---|
| | പ്രോത്സാഹിപ്പിക്കുന്നു<br>* അസംബ്ലിയിൽ പുസ്തക പരിചയം വാർത്ത വായന എന്നിവ നൽകുന്നു<br>* കൊച്ചു കൊച്ചു കവിതകൾ ഈണത്തിൽ അധ്യാപിക ചൊല്ലുന്നു( കുട്ടികൾ കവിത നോക്കി വായിക്കുന്നു) | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ : ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.കുട്ടികളിൽ ചരിത്രവബോധം വളർത്തുക | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

ghs chithirapuram

| | | | | |
|---|---|---|---|---|
| | ഉള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു | | | |
| 2.സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസ് തുടങ്ങിയവ ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കുന്നു | ജൂലൈ ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| 3.ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ | ഒക്ടോബർ നവംബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

ghs chithirapuram

| | | | | |
|---|---|---|---|---|
| | ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെൻറ് രൂപീകരണം | | | |
| 4.പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെബോധവാന്മാരാക്കുന്നു | വെള്ളപ്പൊക്കം ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്ത അവസ്ഥകളിൽ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതിന്റെ ആവശ്യകതയെപറ്റി ബോധവാന്മാരാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |
| 5.സ്ഥാനനിർണയത്തിൽ ഭൂപട | മാപ്,ഗ്ലോബ് , അറ്റ്ലസ് എന്നിവയി | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്രം അധ്യാപകർ | |

ghs chithirapuram

| | | | | |
|---|---|---|---|---|
| വായനയുടെ പ്രസക്തി കുട്ടികളിൽ ബോധ്യമാക്കുക | ൽ ദിശ ,തോത്, ചിഹ്നങ്ങൾ, നിറങ്ങൾ എന്നിവ മനസ്സിലാക്കാൻ സഹായിക്കുന്നു | | | |

## ഉപമേഖല ഹൈടെക് ക്ലാസ് മുറികൾ

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള ക്ലാസ് റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വ വിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹകരണത്ത | പി ടി എ | 1 വർഷം | ജനപ്രതിനിധികൾ പൂർവ്വ വിദ്യാർത്ഥികൾ |

ghs chithirapuram

| | | | | | |
|---|---|---|---|---|---|
| | | ോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | | | |

## ഉപമേഖല കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ<br><br>കായിക മത്സരങ്ങളിൽ മികവിൽ എത്തിക്കൽ | നിലവിലുള്ള കളിസ്ഥലം ഉപയോഗയോഗ്യമാക്കി തീർക്കുക<br><br>പരിശീലനത്തിനായുള്ള അധ്യാപകരുടെ സേവനം സ്കൂളിൽ ലഭ്യമാക്കുക | പിടിഎ<br>എസ് എം സി | ഒരു വർഷം | പിടിഎ<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |

ghs chithirapuram

## ഉപ വിഭാഗം- നല്ല പെരുമാറ്റത്തിന്

| പദ്ധതി | ലക്ഷ്യം | ചുമതല | സമയം |
|---|---|---|---|
| കയ്യടി | വിദ്യാർത്ഥികളിൽ നല്ല പെരുമാറ്റവും, പഠനത്തിൽ ആകർഷണവും വർദ്ധിപ്പിക്കാനും, അവരുടെ ആത്മവിശ്വാസവും പ്രചോദനവും ശക്തിപ്പെടുത്താനും പോസിറ്റീവ് റീൻഫോഴ്മെൻ്റ് വഴിയിലൂടെ അനുകൂലമായ വിദ്യാലയാന്തര അന്തരീക്ഷം ഒരുക്കുക. | ക്ലാസ് ടീച്ചേഴ്സ് | മാസത്തിലൊരിക്കൽ പൊതു അസംബ്ലിയിൽ |

## ഉപസംഹാരം

ചിത്തിരപുരം ഗവൺമെൻറ് ഹൈസ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിൻറെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്ക് ഉള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായ ഈ പ്രവർത്തനങ്ങളിൽ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെ ആണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന് ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.

ghs chithirapuram